**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**09 June 2017 / 14 Ramadan 1438 Hijira)**

# Prescriptions for a Good Ramadan

## ഒരു നല്ല റമദാനു വേണ്ടിയുള്ള ആജ്ഞകൾ

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം** ഒരു നല്ല റമദാനു വേണ്ടിയുള്ള ആജ്ഞകൾ **എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

ഒരിക്കൽ കൂടി റമദാൻ സമാഗതമായിരുക്കുന്നു. ഇതിന്റെ ആഗമനത്തിന് സാക്ഷ്യം വഹിക്കുവാൻ ഒരാൾക്ക് ഭാഗ്യം ലഭിച്ചുവെങ്കിൽ, അല്ലാഹു (ത) യിൽ നിന്നുള്ള ഏറ്റവും വലിയ ഒരു അനുഗ്രഹം അവന് ലഭിച്ചിരിക്കുകയാണ്. റമദാൻ മാസത്തിൽ നാം ഈ ലോകത്ത് ഉണ്ടായിരിക്കുകയും, ഈ മാസത്തിന്റെ അളവറ്റ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ ഒരു ദാസന് അറിയാൻ പാടില്ലാതായി തീരുകയും ചെയ്താൽ, അവന്റെ ജീവിതം അർത്ഥമില്ലാത്തതായി തീർന്നിരിക്കുന്നു. ഒരാളും ഈ മാസത്തെ അവഗണിക്കുവാൻ പാടില്ലാത്തതായിരുന്നു. റമദാൻ ഇസ്ലാമിന്റെ നാലാമത്തെ സ്തംഭമാകുന്നു. വളരെ മഹത്തായ ആരാധനാ പ്രാധാന്യമുള്ള പ്രവർത്തനങ്ങളിലേർപ്പെടേണ്ട മാസവും അനേകം പ്രയോജനങ്ങളാൽ നിറയപ്പെട്ടതുമായ മാസമാണ്.

ഒന്നാമത്തെ പ്രയോജനം ഇതിലെ ആത്മീയ വീക്ഷണമാണ്. അതായത് തഖ്വ. അതായത് ദൈവത്തിലുള്ള ഭയം. ഒരു മുസ്ലിം അല്ലാഹുവിനെകുറിച്ചുള്ള ഭയവും സ്വാത്തികതയും അവൻ സ്വയം ഉണ്ടാക്കി എടുക്കേണ്ടതാണ്. അതേ തുടർന്ന് വരുന്ന വീക്ഷണങ്ങളാണ് ഇതിലെ സാമ്പത്തിക രംഗം, ആരോഗ്യ രംഗം,

സാമൂഹ്യ വീക്ഷണങ്ങൾ ! റമദാൻ ഒരു ആരാധനാ പ്രവർത്തിയാണ്. അതിന്റെ പ്രയോജനം വ്യക്തിക്ക് മാത്രമുള്ളതല്ല, മറിച്ച് സമൂഹത്തിനും, രാജ്യത്തിനുമായി ഒതുങ്ങുന്നതുമല്ല. പിന്നെയോ, മുഴുലോകത്തിനും ഇതിന്റെ പ്രയോജനം ലഭ്യമാകുന്നതാണ്. ഒരു സമൂഹം നിലനില്ക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സമൂഹമില്ലാതെ യഥാർത്ഥമായ നിലയുള്ള ജീവിതമുണ്ടാകില്ല. ഇത് ഉണ്ടാകുന്നതിന്, ജീവിത വൈദഗ്ദ്ധ്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതുണ്ട്, സമൂഹ നിർമ്മാണത്തിൽ ഓരോ പുരുഷനും, സ്ത്രീക്കും അവരുടേതായ പങ്കുണ്ട് എന്ന് ! റമദാൻ മാസം, നിസ്സംശയം, ഇസ്ലാമിന്റെ അധ്യാപനങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരുവാനുള്ള ഏറ്റവും മികച്ച അവസരമാണ്. മാതൃകായോഗ്യമായ ഒരു സമൂഹനിർമ്മിതിക്കുള്ള ഏറ്റവും വലിയ അവസരം!ഇതിന്റെ സാമൂഹ്യപ്രയോജനങ്ങൾ അനേകമാണ്. അതിൽപെടുന്നതാണ്.

1. ദൈവദാസന്മാർ തമ്മിലുള്ള സാഹോദര്യബന്ധത്തിന് ഇത് ശക്തിപകരുന്നു. വെറുപ്പ്, അസൂയ, ശത്രുത തുടങ്ങിയവ അനേകം മുസ്ലിംകളിലെ ഹൃദയങ്ങളിൽ കുടിയേറിയിരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. വിഭാഗീയ ചിന്താഗതി, ഭിന്നിപ്പ്, അഭിപ്രായഭിന്നത, മുതലായവ, സൃഷ്ടാവ് കല്പിച്ച ഏകത്വത്തെ തകർത്ത് തരിപ്പണമാക്കിയിരിക്കുന്നു. നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാണ് (ഒരേ ഒരു സമുദായം ഒരേ മാർഗത്തിൽ ചരിക്കുന്നവർ) ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ, എന്നിട്ടും അവർ വിവിധ വിഭാഗങ്ങളായി പിരിഞ്ഞു. എല്ലാവരും നമ്മുടെ അടുക്കലേക്കാണ് മടങ്ങിവരുന്നത് (21 : 93, 94)

   ഒരല്പം ബുദ്ധി ഉപയോഗിച്ചാൽ, ചിന്തയും ഗ്രഹണശേഷിയും ഉപയോഗിച്ചാൽ, മുസ്ലിംകൾക്ക് ഈ ദാരുണമായ അവസ്ഥയിൽ നിന്നും ഒരു നല്ല അവസ്ഥയിലേക്ക് മാറുവാൻ സാധിക്കുന്നതാണ്. എവിടെയാണോ സാഹോദര്യം വീണ്ടും മേൽക്കൈ നേടുന്നത്, അതിലൂടെ മാത്രം ! അവർ

മനസ്സിലാക്കേണ്ട ഒരേ ഒരു ആശയം അല്ലാഹു (ത) ഐക്യത്തെ ഇഷ്ടപ്പെടുന്നു. അഭിപ്രായ ഭിന്നതയെ അവൻ വെറുക്കുന്നു.

അവരെല്ലാവരും (മുസ്ലിംകൾ മൊത്തത്തിൽ) മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഈ സമുദായത്തിന്റെ മേൽ അല്ലാഹു (ത) യുടെ കാരുണ്യ വർഷം ഉണ്ടാവുകയില്ല, അവർ ഐക്യപ്പെടാത്തിടത്തോളം കാലം,!ഹൃദയങ്ങളിൽ നഷ്ടപ്പെട്ടുപോയ സാഹോദര്യം പുനഃസ്ഥാപിക്കുന്നതുവരെ ! സാഹോദര്യത്തിന്റെ വില എന്താണെന്ന് അറിയാത്ത ഒരു മുസ്ലിമിന് എങ്ങനെയാണ് വ്രതം അനുഷ്ഠിക്കുവാൻ കഴിയുന്നത്?അല്ലാഹു(ത)പറഞ്ഞിരിക്കുന്നതുകാണുക. സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെരണ്ടുസഹോദരങ്ങൾക്കിടയിൽനിങ്ങൾ രഞ്ജിപ്പ് ഉണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾ കരുണചെയ്യപ്പെടുന്നതിനു വേണ്ടി 49 : 11

2. റമദാൻ മഹാമനസ്ക്കതയുടെ മാസമാണ്. പരോപകാരം ചെയ്യുവാൻ ഈ മാസം വിശ്വാസികളെ ക്ഷണിക്കുന്നു. തീർച്ചയായും നമ്മുടെ പാവപ്പെട്ട സഹോദരീ സഹോദരന്മാരുടെ പ്രയാസങ്ങൾ ലഘൂകരിക്കുക എന്നത് നമ്മുടെ കടമയാണ്. അല്ലാഹു (ത) അവന്റെ അനുഗ്രഹങ്ങൾ തുല്യനിലയിലല്ലാത്ത നിലയിൽ, ഭൂമിയിൽ പരീക്ഷണാർത്ഥം നല്കിയിരിക്കുകയാണ്. ചിലർ ചിലരെക്കാൾ ധനികരാണ്. റമദാൻ വ്രതാനുഷ്ഠാനം വിശപ്പും, ദാഹവും വിശ്വാസിയെ ഓർമ്മപ്പെടുത്തുന്നു. വരൾച്ചമൂലവും ക്ഷാമംമൂലവും അനേകം മനുഷ്യർ കഷ്ടത അനുഭവിക്കുന്നു. പതിനായിരക്കണിക്കിനാളുകൾ ദിവസവും ഈ ദുരന്തത്തിന്റെ ഇരകളായി തീർന്നു കൊണ്ടിരിക്കുകയാണ്. അല്ലാഹു (ത) അനേകം അനുഗ്രഹങ്ങൾ വിശ്വാസികളുടേ മേൽ ചൊരിഞ്ഞിരിക്കുന്നു എന്ന കാര്യവും അവന് ബോധ്യമാകുമ്പോൾ, അവൻ അവന്റെ കരങ്ങൾ , ആവശ്യക്കാരന്റെ നേരെ കരുണയോടെ നീട്ടുന്നു, അവന്റെ

രാജ്യത്തിലോ, അല്ലെങ്കിൽ പുറം രാജ്യങ്ങളിലോ ! ഈ നിലയിൽ പ്രവാചകൻ (സ) യുടെ വചനത്തെ അവൻ സാക്ഷാൽക്കരിക്കുന്നു. റമദാൻ മാസം സാന്ത്വനത്തിന്റെ മാസമാണ്

3. പാപങ്ങൾ, സമുദായത്തിൽ വളരെ മോശമായ സ്വാധീനം ചെലുത്തുന്നതാണ്. ഇസ്ലാം, നാമെല്ലാം അറിയുന്നതുപോലെ, ചൂതാട്ടം നിരോധിച്ചിട്ടുള്ളതാണ്. മോഷണം നിരോധിച്ചിട്ടുള്ളതാണ്. അതിക്രമം നിരോധിച്ചതാണ്. അനീതി നിരോധിച്ചതാണ്. മദ്യപാനം, നിരോധിച്ചിട്ടുള്ളതാണ്. ലഹരിമരുന്ന് ഉപയോഗം നിരോധിച്ചിട്ടുള്ളതാണ്. ആഭിചാരകർമ്മം നിരോധിച്ചിട്ടുള്ളതാകുന്നു. (ഉദാഹരണമായി, വിവാഹിതരാണെങ്കിലും, ചില ആളുകൾ, മറ്റുള്ളവരുടെ ഭാര്യമാരെ, ചിലപ്പോൾ ജോലി സ്ഥലത്താകാം അല്ലെങ്കിൽ മറ്റിടങ്ങളിലാകാം. അവരുമായി വളരെ അടുത്തു ബന്ധം സ്ഥാപിക്കുകയും വ്യഭിചാരത്തിന്റെ പ്രാഥമികാവസ്ഥയിലെത്തിച്ചേരുകയും, കൃത്രിമമായ സൗഹാർദ്ദസഖ്യത്തിലൂടെ സ്ത്രീകൾ തിരിച്ചും അപ്രകാരമുള്ള പ്രവർത്തിയിലേർപ്പെടുന്നു) ചുരുക്കത്തിൽ, അപമാനമുണ്ടാക്കുന്ന എല്ലാ കാര്യങ്ങളും, അത് വ്യക്തിപരമാകട്ടെ, ഏകദൈവത്തിലുള്ള വിശ്വാസത്തിനാകട്ടെ, അവന്റെ കുടുംബത്തിനാകട്ടെ, പൊതുവിൽ സമൂഹത്തിനാകട്ടെ, ഇവയെല്ലാം ഇസ്ലാം നിരോധിച്ചിരിക്കുന്നു.

മുസ്ലിംകൾ റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുമ്പോൾ തീർച്ചയായും ഇത് തഖ്‌വയോടുകൂടി തന്നെയാണ് നിർവ്വഹിക്കേണ്ടത്, ഈ പറയപ്പെട്ട നിരോധിക്കപ്പെട്ട എല്ലാ കാര്യങ്ങളും ഉപേക്ഷിച്ചു കൊണ്ട് ! വ്രതാനുഷ്ഠാനക്കാർ അവരവരുടെ വ്യതാനുഷ്ഠാനങ്ങളെ കാത്തു സംരക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ വ്യതാനുഷ്ഠാനം കൊണ്ട്, അവർക്ക് ഒരു പ്രയോജനവും ലഭിക്കുന്നതല്ല, പ്രതിഫലങ്ങളിൽ നിന്നും അവർ ആട്ടി ഓടിക്കപ്പെടുന്നതാണ്.

തെറ്റു കുറ്റങ്ങളിൽ നിന്നും വ്യതാനുഷ്ഠക്കാർ അകലം പാലിക്കുമ്പോൾ,

സമുദായം സംശുദ്ധമായിതീരുന്നു; ആരോഗ്യ സമുദായമായിമാറുന്നു. അല്ലാഹുവിൽ നിന്നുള്ള വിവിധങ്ങളായ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകുന്നു; വിപത്തുകളിൽ നിന്ന് സമുദായം രക്ഷിക്കപ്പെടുന്നു. റമദാന്റെ പ്രയോജനങ്ങൾ ഇത്തരം അനേകം നേട്ടങ്ങളാണെങ്കിൽ, ഈ മാസത്തിൽ ഒരു യഥാർത്ഥ മുസ്ലിമായി ജീവിക്കുകയെന്നത് നമ്മുടെ ബാധ്യതയാണ്. നമ്മുടെ സമുദായത്തിന്റെ നിലവാരം ഉയർത്തുവാൻ മറ്റുള്ളവരുടെ കരങ്ങൾ നമുക്ക് പിടിച്ചുയർത്താം. അങ്ങനെ നമ്മുടെ സാമൂഹ്യനിർമ്മിതി നമുക്ക് ഒരുമിച്ച് ശക്തിപ്പെടുത്താം. സമൂഹത്തിന്റെ ശക്തി ക്ഷയിച്ചിട്ട് നാളേറെയായി ! ഐക്യവും സ്നേഹവും സഹോദര്യവും റമദാന്റെ യഥാർത്ഥ മൂല്യങ്ങളാണ് എന്ന് ബോധ്യപ്പെടുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കട്ടെ ! അവന്റെ കരുണ നമ്മുടെ മേൽ ചൊരിയട്ടെ ! ആമീൻ

റമദാൻ മാസത്തിന്റെ കണകെടുക്കുവാൻ കഴിയാത്ത, മൂല്യങ്ങളാണ് ഇവിടെ നല്കപ്പെട്ടിരിക്കുന്നത്. പരമോന്നത സൃഷ്ടാവിനായി, സമ്പൂർണ്ണ സമർപ്പണം ചെയ്ത് ഈ അനുഗ്രഹീത മാസത്തിൽ, ജീവിക്കുക എന്നത് ഓരോ വിശ്വാസിയുടെയും കടമയാണ്. നമ്മുടെ പ്രധാന ലക്ഷ്യം അല്ലാഹുമായി കൂടുതൽ അടുക്കുക എന്നായിരിക്കെ, എല്ലാ നിരോധിത കാര്യങ്ങളിലും നാം ദൂരപ്പെടുവാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്., സൃഷ്ടാവിന്റെ ചിന്തയിൽ നിന്നും നമ്മെ അകറ്റുന്ന ഒരു പ്രവർത്തിയും നമ്മിൽ നിന്ന് ഉണ്ടാകുവാൻ പാടില്ല,

## എന്താണ് ചെയ്യേണ്ടത് ?

നമ്മുടെ ആരാധനയുടെ തോത് വർദ്ധിപ്പിക്കുക. അതായത് നഫ്ൽ നമസ്കാരങ്ങൾ, ഖുർആൻ പാരായണം, അല്ലാഹുവിനോട് ദുആ ഇരന്നുകൊണ്ടിരിക്കുക. മറ്റുള്ളവരെ വിട്ട് ദിക്ക്റെ ഇലാഹിയിൽ കഴിഞ്ഞുകൂടുക. തഹജ്ജുദ് നമസ്കാരത്തിനായി രാത്രിയിൽ ഉണരുക, ഔദാര്യ പൂർവ്വം സാധുക്കൾക്ക് ആഹാരം കൊടുക്കുക, അനന്തരാവകാശ സ്വത്തില്ലാത്തവരെ പ്രത്യേകം പരിഗണിക്കുക. സാമ്പത്തിക പിന്നോക്കം നിൽക്കുന്നവരെ പിന്താങ്ങുക. സാമൂഹ്യമായി പിന്നോക്കം

നില്ക്കുന്നവരെ സഹായിക്കുക, സമുദായ ശ്രേയസ്സിന് നിദാനമായ സംരംഭങ്ങൾക്ക് ഉദാരമായി സംഭാവന ചെയ്യുക (ഭൗതികമായും ആത്മീയമായും, ജമാഅത്തു ലവ ലിലും, ആഗോളമായി പറഞ്ഞാൽ മുഴുരാജ്യത്തിനും പൊതുവിൽ മുഴു ലോക ത്തിനും) തിന്മയെ പ്രതിരോധിക്കുന്നതിനോടൊപ്പം ഇത്തരം കാര്യങ്ങളിലും നാം ഏർപ്പെടേണ്ടതാണ്. അത് എവിടെ ആയാലും ശരി ! നമ്മുടെ ഗൃഹാന്തരീക്ഷം ഇസ്ലാമികമായ നിലയിൽ കാത്തുസൂക്ഷിക്കേണ്ടതാണ്. ഈ സമുന്നത അനുഗ്ര ഹീത മാസത്തിന്റെ നേട്ടം ആർജ്ജിക്കുവാൻ നമ്മുടെ കുടുംബങ്ങളെ നാം പ്രേരി പ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ഈ സുവർണ്ണാവസരത്തിന്റെ മുൻഗണനന, അംഗീകരിക്കുന്ന കാര്യത്തിൽ കുട്ടി കളെയും സഹായിക്കുക. ഈ മാസത്തിന്റെ സത്ഫലങ്ങൾ അവരിലുണ്ടാകുവാൻ അവരിൽ, ഒരു താത്പര്യം ഉണ്ടാക്കിയെടുക്കുക.

## സർവ്വവിധേനയും, ഉപേക്ഷിക്കേണ്ട അത്യാവശ്യ കാര്യങ്ങൾ എന്തെല്ലാം ?

അമിതമായ ഉറക്കം, രാത്രിയിലും പകലിലും ! ഫലരഹിതസംഭാഷണത്തിൽ ഒരുവന്റെ സമയം ചെലവഴിക്കുക. അത് പള്ളിക്ക് പുറത്താകട്ടെ, തെരുവിന്റെ മൂല യിലാകട്ടെ, മുറുക്കാൻ കടകളിലാകട്ടെ, ഇനി ഒരാളിന്റെ വീട്ടിൽ തന്നെയാകട്ടെ, അല്ലെങ്കിൽ മൊബൈൽഫോണിലൂടെയാകട്ടെ, അതുമല്ലെങ്കിൽ സ്മാർട്ട് ഫോണി ലൂടെയാകട്ടെ, മെസേജിലൂടെയോ, ചാറ്റിംഗിലൂടെയോ, ഈ-മെയിൽ വഴിയോ ആകട്ടെ ! ടി.വി യുടെ മുന്നിൽ അധികസമയം ചെലവഴിക്കുന്നത് ഒഴിവാ ക്കേണ്ടതാണ്. ചെറിയ സ്ക്രീനിന്റെ മുമ്പിലായാലും ശരി വലിയ സ്ക്രീനിന്റെ മുമ്പിലായാലും ശരി ! ഇവയൊക്കെ സമയംകൊല്ലികളാണ്. അടുക്കളയിൽ സമയം നഷ്ടപ്പെടുത്തൽ, നിങ്ങൾക്ക് ആവശ്യമുള്ളതിൽ കൂടുതൽ നിങ്ങൾ പാചകം ചെയ്യ രുത്. ദിവസവും രസപൂർണ്ണമായ വിഭവങ്ങൾ ഉണ്ടാക്കരുത്. ! സ്ത്രീകൾക്ക് അവ രുടെ വിലപിടിച്ച സമയം പാഴായിപോകുന്നു. മാത്രമല്ല അവർ ക്ഷീണിതരുമായി തീരുന്നു. ദിവസവുമുള്ള സാധനം വാങ്ങൽ സമയം നഷ്ടപ്പെടുത്തുന്നതാണ്.

വിശ്വാസിയുടെ കാര്യപരിപാടിയിൽ ഇത്തരം കാര്യങ്ങളുണ്ടാകരുത്. വിശിഷ്യാ അല്ലാഹുമായി കൂടുതൽ അടുക്കുവാൻ ആഗ്രഹിക്കുന്നവർ ! കഴിയുന്നതും വേഗം എങ്ങനെയെങ്കിലും 30 ജുസുഉ് ഓതിതീർക്കുവാൻ നിങ്ങൾ ധൃതികാണിക്കരുത്. ഗുണപരമായ നിലയിലായിരിക്കണം പാരായണം. പാരായണം ചെയ്യുന്നതിൽ അതീവ ശ്രദ്ധ ഉണ്ടായിരിക്കണം. ഗ്രഹിച്ച് പാരായണം ചെയ്യണം. അല്ലാഹു (ത) യുടെ വാക്കിൽ എന്താണ് അടങ്ങിയിരിക്കുന്നത് എന്ന് അറിഞ്ഞു വായിക്കണം. ദൂക്ഷണം പറയുന്നതിൽനിന്നും ഏഷണി പറയുന്നതിൽ നിന്നും ചതിപ്രയോഗത്തിൽ നിന്നും കള്ളപ്രചാരണത്തിൽ നിന്നും വ്രതാനുഷ്ഠാനത്തിന്റെ മാറ്റുകുറയ്ക്കുന്ന മറ്റെല്ലാ പ്രവർത്തികളിൽ നിന്നും അല്ലെങ്കിൽ ഹീനപ്രവർത്തി എന്തും ആകട്ടെ അതിൽ നിന്നെല്ലാം ദൂരപ്പെടേണ്ടതാണ്, ഇവയൊക്കെ വ്യർത്ഥങ്ങളാണ്. കുടുംബവഴക്കുകൾ, വീട്ടിലെ ഇസ്ലാമിക അന്തരീക്ഷത്തിന് ഹാനിവരുത്തുന്നതാണ്.

നാം ജീവിക്കുന്ന അവസാനത്തെ റമദാനാണ് ഇതെന്ന് ആർക്കറിയാം ? ഈ ലോകത്തോട് നാം വിടപറയുകയാണ് എന്ന ഉദ്ദേശ്യത്തോടെ നമുക്ക് ഈ റമദാനിൽ ജീവിക്കാം. അല്ലയോ ! റമദാൻ ! ഞങ്ങളുടെ സമുദായത്തിന് ഒരു പുതുജീവിതത്തിനായി നീ വീണ്ടും വരിക. അനുഗ്രഹങ്ങളാൽ ഞങ്ങളെ നീ സമ്പന്നമാക്കുക. ദൈവം നിന്നിൽ സംരക്ഷിച്ചിരിക്കുന്ന ദൈവീക നേട്ടങ്ങളാൽ ഞങ്ങളെ വീണ്ടും സമ്പന്നമാക്കുക. അവന്റെ വിശ്വാസികളായ അനുസരണയുള്ള ദാസാന്മാർക്ക് രക്ഷാമാർഗ്ഗം ഒരുക്കു. യാ ! അല്ലാഹ് ! ഈ റമദാനെ ഒരു പ്രത്യേക റമദാനാക്കി മാറ്റിയാലും ! ഞങ്ങളെ നിന്നോടു കൂടുതൽ ചേർത്തു നിർത്തിയാലും ! നിന്റെ അനന്തമായ കാരുണ്യത്തിന്റെ രുചി ഈ ലോകത്തും, നാളെ പരലോകത്തും ഞങ്ങളെ ആസ്വദിപ്പിക്കേണമെ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**